# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ (കില) വികസനത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ.

# സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ വിദഗ്ദ്ധ സമിതി വിലയിരുത്തൽ റിപ്പോർട്ട്.

ജില്ലാ കളക്ടർ, കളക്ട്രേറ്റ്, തൃശ്ശൂർ,
ഉത്തരവ് നമ്പർ - DCTSR/3041/2018-E4 28/01/2020

തൃശ്ശൂർ ജില്ലയിൽ, തൃശ്ശൂർ താലൂക്കിലെ കിള്ളന്നൂർ വില്ലേജിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന് (KILA) വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടിക്കുവേണ്ടി ഉള്ള സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് നടത്തുന്നതിനുവേണ്ടി രാജഗിരി ഔട്ട് റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിനെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് വിലയിരുത്തുന്നതിനും, ജനങ്ങളിൽ നിന്നും, ഭൂഉടമകളിൽ നിന്നും, പദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്നും അഭിപ്രായങ്ങൾ സ്വീകരിച്ച്, ക്രോഡീകരിച്ച് വിലയിരുത്തുന്നതിനും സമഗ്രവും, വസ്തുനിഷ്ഠവുമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനും വേണ്ടി ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കളക്ടർ DCTSR/3041/2018-E4 28/01/2020 പ്രകാരം ഒരു വിദഗ്ദ്ധസമിതിയെ നിയമിക്കുകയുണ്ടായി. ഈ വിദഗ്ദ്ധ സമിതി, സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുകയും, വസ്തു നിഷ്ടമായ അന്തിമ റിപ്പോർട്ട് ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിക്കുകയും ചെയ്യുന്നു.

# വിദഗ്ദ്ധ സമിതി അംഗങ്ങൾ

| ക്രമ നം | കാറ്റഗറി | പേര് | ഒപ്പ് / തീയ്യതി |
|---|---|---|---|
| 1 | ചെയർമാൻ | 1. ഡോ.ബിനു കെ., സാമൂഹിക ശാസ്ത്ര വിഭാഗം മേധാവി, സെന്റ് മേരീസ് കോളേജ്, തൃശ്ശൂർ - 680 002 ഫോൺ - 9846678530 ഇ-മെയിൽ - binupalara1976@gmail.com | 19/2/2020 |
| 2 | എക്സ്പെർട്ട് കമ്മിറ്റിമെമ്പർ | 2. ഡോ.രമ്യ ആർ. അസി. പ്രൊഫസർ, സാമ്പത്തിക ശാസ്ത്രം, ശ്രീ.സി.അച്യുതമേനോൻ ഗവ.കോളേജ്, കുട്ടനെല്ലൂർ, തൃശ്ശൂർ, ഫോൺ - 9946985656, ഇ-മെയിൽ - ramyarajeswaran@yahoo.com @gmail.com (സാമൂഹിക ശാസ്ത്രജ്ഞ) | Ramya |
| 3 | മെമ്പർ | 3. ശ്രീ.പി.കെ.ഗോപാലൻ, റിട്ട. ഡെപ്യൂട്ടി കളക്ടർ, പാടിയേടത്ത് വീട്, തോന്നൂർക്കര പി.ഒ.,തൃശ്ശൂർ-680586,ഫോൺ - 9447715310 ഇ-മെയിൽ - pkgopalan@gmail.com (പുനരധിവാസ പ്രവർത്തന വിദഗ്ദ്ധൻ)<br>4. ശ്രീമതി.ഫാത്തിമത്ത് സുമയ്യ, സ്പെഷ്യൽ തഹസി ദാർ, എൽ. എ. കോർപ്പറേഷൻ, തൃശ്ശൂർ. (പുനരധിവാസ പ്രവർത്തന വിദഗ്ദ്ധൻ)<br>5. ശ്രീ.സജീവ് കെ.ജി, കൺസൽട്ടന്റ്, കില, ഫോൺ-9446066907(സാങ്കേതികവിദഗ്ദ്ധൻ) | 19/2/20<br>19/2/2020<br>19/2/2020 |
| 4 | ബാധിക്കപ്പെട്ട പ്രദേശത്തെ രണ്ട് പഞ്ചായത്ത് പ്രതിനിധികൾ (ഒരു വനിതാ അംഗം ഉൾപ്പെടെ) | 6. ശ്രീ.കെ.എച്ച്. സുഭാഷ് (വൈസ് പ്രസിഡന്റ്, മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്), ഫോൺ - 7034715102<br>7. ശ്രീമതി.ഷിജി സുനിൽകുമാർ (വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്) ഫോൺ - 9526476726 | Shiji |

# ആമുഖം

KILA ഒരു സ്വയംഭരണ പരിശീലന ഗവേഷണ കൺസൾട്ടൻസി സ്ഥാപനവും കേരള സർക്കാരിന്റെ തദ്ദേശസ്വയംഭരണവകുപ്പിന്റെ കീഴിൽ വരുന്നതുമാണ്. അധികാര വിക്രേന്ദീകരണവും, ജനകീയ പങ്കാളിത്തവും നടപ്പിലാക്കുന്നതിനും, ഗ്രാമവികസനം, ഗവേഷണം, വിജ്ഞാന വ്യാപനം എന്നിവ പ്രാവർത്തികമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും, നടപ്പിലാക്കുകയും ചെയ്യുക എന്നുള്ളതാണ് KILA യുടെ പരമ പ്രധാനമായ ലക്ഷ്യം. ഗ്രാമങ്ങളലേയും, നഗരങ്ങളലേയും ഉള്ള തദ്ദേശസ്വയംഭരണസ്ഥാപന ങ്ങളെ ഏകോപിപ്പിച്ച്, പദ്ധതി തയ്യാറാക്കി, ഗവേഷണം നടത്തി, ജനങ്ങൾക്ക് ഉപകാരപ്രദമായ പരിശീലനം നൽകുകയാണ് ഈ പ്രശസ്തമായ സ്ഥാപനം അനുവർത്തിച്ചു വരുന്നത്. അതിനാൽ ജനാധിപത്യ പ്രക്രിയയുടെ നെടും തൂണായി കാലാകാലങ്ങളായി ഈ ബൃഹത് സ്ഥാപനം നൽകുന്ന സംഭാവന ദേശീയ അന്തർദേശീയ തലങ്ങളിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ് എന്ന് നിസ്സം ശയം പറയാൻ കഴിയും.

KILA യിൽ സമയബന്ധിതമായി നടത്തുന്ന പരിശീലന ഗവേഷണ, വിജ്ഞാന, വ്യാപന പ്രവർത്തനങ്ങൾക്കായി തദ്ദേശിയരും, വിദേശികളുമായ പതിനായിരക്കണക്കിന് ഗുണഭോക്താക്കൾ പ്രസ്തുത സ്ഥാപനത്തെ ആശ്രയി ക്കുന്നതായി കണ്ടുവരുന്നു. എന്നാൽ ഈ സ്ഥാപനം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി പ്രധാന റോഡിൽ നിന്നും, കിലയിലേക്ക് നേരിട്ട് പ്രവേശി ക്കാനുള്ള റോഡില്ലാത്തതും, പരിശീലന പരിപാടിയിൽ എത്തുന്നവർക്ക് ആവ ശ്യമായ താമസസ്ഥലം ഇല്ലാത്തതുമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ കിള്ളന്നൂർ വില്ലേജിൽപ്പെടുന്നതും മുൻവശത്തെ പ്രധാന റോഡിനെ ബന്ധിപ്പിക്കുന്നതുമായ 366.35 ആർ ഭൂമി ഏറ്റെടുത്ത് റോഡ് നിർമ്മിച്ച് ഹോസ്റ്റൽ സൗകര്യം വർദ്ധിപ്പിക്കാവുന്നതുമാണ്. അതിനാൽ പ്രധാന റോഡിൽ നിന്നും കിലയ്ക്ക് പ്രവേശനം ലഭിക്കുകയെന്നുള്ളതാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യം. തൃശ്ശൂർ-ഷൊർണൂർ റോഡിൽ നിന്നും, കിലയ്ക്ക്

നേരിട്ട് പ്രവേശനം ലഭിക്കുകയാണെങ്കിൽ പൊതുജനങ്ങൾക്കും, ഗുണഭോക്താക്കൾക്കും നേരിട്ട് സ്ഥാപനത്തിൽ പ്രവേശിക്കുവാനും, കിലയുടെ ഭൗതിക സൗകര്യങ്ങൾ വിപുലീകരിച്ച് കൂടുതൽ പരിശീലന ഗവേഷണ വികസന വ്യാപന പ്രക്രിയകൾ വിപുലീകരിക്കുവാൻ കഴിയുമെന്ന് വിദഗ്ദ്ധസമിതി പ്രത്യാശിക്കുന്നു.

## സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് ആസ്പദമാക്കിയുള്ള വിദഗ്ദ്ധ സമിതി വിശകലനം

1. തൃശ്ശൂർ ജില്ലയിലെ, തൃശ്ശൂർ താലൂക്കിലെ കിള്ളന്നൂർ വില്ലേജിലാണ് KILA സ്ഥിതി ചെയ്യുന്നത്. പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ KILA യുടെ നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് വിജ്ഞാന, ഗവേഷണ, വ്യാപന പരിശീലന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ

   കഴിയുന്നു.
2. വിലയ്ക്ക് എടുക്കാനുദ്ദേശിക്കുന്ന ഭൂമി, മൂന്നു കുടുംബങ്ങളിലെ നാലു വ്യക്തികളുടെ പരമ്പരാഗതമായ സ്വത്തും, 538/1P, 539/1P, 539/3, 540/1P, 543/1P പ്പെടുന്ന 366.35 ഭൂമിയാണ്. (വസ്തുത പരിശോധിക്കണം.) പ്രസ്തുത ഭൂമി താല്ക്കാലികമായി കൃഷിക്കുപയോഗിക്കുന്നതും, ഒരു വ്യക്തിക്ക് പുല്ല് കൃഷിക്കായി പാട്ടത്തിന് കൊടുത്തിട്ടുള്ളതുമാണ്.
3. പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുക വഴി ഭൂഉടമകൾക്ക് ഉണ്ടാവുന്ന നഷ്ടം നിജപ്പെടുത്തേണ്ടതും, ന്യായവും, സുതാര്യവുമായ പുനരധിവാസത്തിനും, ഗവൺമെന്റ് G.O.(MS)No:448/2017/RD അർഹത ഉള്ളതാണ്.
4. പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ KILA യുടെ ഭരണകേന്ദ്രവും, ഹോസ്റ്റൽ മന്ദിരവും നിർമ്മിക്കുന്നതിനായി 10.5 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ സഹായിക്കുന്നു അതുവഴി മൂന്ന് നിലയിലുള്ള ഹോസ്റ്റൽ കെട്ടിടം, പരിശീലന സൗകര്യങ്ങൾ ഉള്ള ഫാക്കൽറ്റി മുറി, സെക്യൂരിറ്റി

ടവറോട് കൂടിയ പ്രവേശന കവാടം, പുതിയ പരിശീലന സംവിധാനം, ജലനിർഗമന സംവിധാനം എന്നിവ സാധ്യമാക്കാൻ കഴിയുന്നു.

5. പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ KILA യുടെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ മഴവെള്ള സംഭരണി, ജൈവവള യൂണിറ്റ്, മഴവെള്ളച്ചാൽ, വാഹന ഷെഡ്, സോളാർ/ജനറേറ്റർ, ഗ്രീൻ ഇനിഷ്യേറ്റീവ്സ്, കളി സ്ഥലം, ഫിറ്റ്നസ്സ് സെന്റർ എന്നിവ യാഥാർത്ഥ്യമാകുന്നു.

6. പ്രസ്തുത സ്ഥലം വിലയ്ക്ക് എടുക്കുന്നതിലൂടെ KILA യുടെ വിവിധ ബ്ലോക്കുകളിൽ നിന്നും അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ലൈബ്രറി, ഫാക്കൽറ്റി സെന്റർ, ക്ലാസ്സ് മുറികൾ, കാന്റീൻ എന്നിവയിലേക്ക് സുഗമമായി എത്താൻ കഴിയുന്നു.

7. വിലയ്ക്ക് എടുക്കാനുദ്ദേശിക്കപ്പെടുന്ന ഭൂമി തൃശ്ശൂർ ഷൊർണൂർ റോഡിന്റെ സമീപത്തായി സ്ഥിതി ചെയ്യുന്നതും, ജൈവ സമ്പുഷ്ടവും, ഫലഭൂഷ്ടവും, നയന മനോഹരവുമാണ്.

8. വിലയക്ക് എടുക്കാനുദ്ദേശിക്കപ്പെടുന്ന വസ്തുവിൽ തെങ്ങ്, വാഴ, കിണർ എന്നിവയും മനുഷ്യനിർമ്മിതവുമായ ഒരു കുളവുമുണ്ട്.

9. പദ്ധതിയ്ക്കായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമി ഒരേ കുടുംബത്തിലുള്ള വ്യത്യസ്ത വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണ്. പരാതികൾ (പരിശോധിക്കണം)

10. കിലയുടെ പദ്ധതി പ്രദേശത്തുള്ള കെട്ടിട നിർമ്മാണം ആസൂത്രണം ചെയ്തിരിക്കുന്നത് ലോക നിലവാരമുള്ളതും, പ്രകൃതിയോട് ഇണങ്ങി നിൽക്കുന്നതും, പാരിസ്ഥിക ആഘാതം ലഘൂകരിക്കുന്ന തരത്തിലുള്ളതുമായിരിക്കും.

11. വിലയ്ക്ക് എടുക്കുവാനുദ്ദേശിക്കുന്ന ഭൂമിയിൽ വീടുകൾ ഒന്നും തന്നെയില്ല.

12. വിലയ്ക്ക് എടുക്കുവാനുദ്ദേശിക്കുന്ന ഭൂമിയിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ആഘാത ബാധ്യത, ക്രയവിക്രയങ്ങൾ നടന്നിട്ടില്ല.

# വിലക്കെടുക്കാനുദ്ദേശിക്കുന്ന ഭൂമി സന്ദർശിച്ച് വിദഗ്ദ്ധസമിതി ശേഖരിച്ച വിവരങ്ങൾ

1. KILA ഒരു തദ്ദേശ സ്വയംഭരണസ്ഥാപനം എന്ന നിലയിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും, വികസനത്തിനു അത്യന്താപേക്ഷിതമാണ്.
2. KILA യിൽ കൂടുതൽ ഗവേഷണ വിജ്ഞാന വ്യാപന മേഖലകൾ ആരംഭിക്കേണ്ടത് കേരളത്തിന്റെ സുസ്ഥിര വികസനത്തിന് ആവശ്യമാണ്.
3. ജൻഡർ സ്റ്റഡീസ്, നരവംശ ശാസ്ത്രം, സാമൂഹിക ശാസ്ത്രം, രാഷ്ട്രമീമാംസ, പബ്ലിക് അഡ്മിനിസ്ട്രേഷൻ, ഹ്യൂമൻ റിസോർഴ്സ് മാനേജ്മെന്റ്, റൂറൽ ഹെൽത്ത്, ധനതത്വശാസ്ത്രം എന്നീ മേഖലകളിൽ പുതിയ കോഴ്സുകൾ, ഗവേഷണ സ്ഥാപനങ്ങളും ആരംഭിക്കുക വഴി കേരളത്തിന്റെ സമൂലമായ വളർച്ചയ്ക്ക് സ്ഥാപനം അനിവാര്യമായിത്തീരും.
4. ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുകയും അത് പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്.
5. അന്തർദേശീയ നിലവാരത്തിലുള്ളതും വിവരസാങ്കേതിക വിദ്യയിലധിഷ്ടിതവുമായ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.
6. KILA യിലെ നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ, പുതിയ കോഴ്സുകൾ, ഗവേഷണ സംരംഭങ്ങൾ, പരിശീലന പരിപാടികൾ, ഹോസ്റ്റൽ സൗകര്യം എന്നിവ നൽകുവാൻ പര്യാപ്തമല്ല.
7. കിലയിലെ നിലവിലുള്ള ക്യാമ്പസ് പ്രകൃതിരമണീയവും, ജൈവസമ്പുഷ്ടവും, ധാരാളം വ്യത്യസ്ത ഇനത്തിൽപ്പെട്ട പക്ഷിമൃഗാദികളുടെ ആവാസവ്യവസ്ഥയാണ്. അവയെ പ്രകൃതിഭേദം വരാതെ സംരക്ഷിക്കണം
8. കിലയുടെ ക്യാമ്പസിൽ അപൂർവ്വ ഇനത്തിൽപ്പെട്ട ധാരാളം മരങ്ങളും ചെടികളും ഇടതൂർന്നു വളർന്നു. അവയെ തനതായി നിലനിർത്തണം.

9. കിലയുടെ വികസനത്തിനായി വിലയ്ക്ക് എടുക്കാനുദ്ദേശിക്കുന്ന ഭൂമി ലഭിക്കുക വഴി കിലയിലെ ക്യാമ്പസിലേക്ക് കൂടുതൽ സുഗമമായ ഗതാ ഗതം സാധ്യമാകുന്നു.
10. കിലയിലെ ക്യാമ്പസിലേക്കിപ്പോൾ പ്രവേശിക്കുവാൻ മുൻവശത്തുകൂടി യുള്ള ഇടുങ്ങിയ ഒരു റോഡാണുള്ളത്. അത് സുഗമമായ ഗതാഗതത്തിന് ഇപ്പോൾ പര്യാപ്തമല്ല.
11. വിലയ്ക്ക് എടുക്കാനുദ്ദേശിക്കുന്ന ഭൂമിയിൽ റെയിൽ ഗതാഗതമോ, മറ്റു പി.ഡബ്ല്യൂ.ഡി റോഡുകളോ കാണപ്പെടുന്നില്ല.
12. വിലയ്ക്ക് എടുക്കുവാനുദ്ദേശിക്കുന്ന സ്ഥലത്ത് തെങ്ങ്, വാഴ തുടങ്ങിയ വൃക്ഷങ്ങളും മനുഷ്യനിർമ്മിതമായ വറ്റാത്ത കുളവും ശ്രദ്ധയിൽപ്പെടുന്നു.
13. വിലയ്ക്ക് എടുക്കുവാനുദ്ദേശിക്കുന്ന സ്ഥലത്ത് നെൽവയലുകളോ, തണ്ണീർതടങ്ങളോ, വനഭൂമിയോ ഒന്നും കാണപ്പെടുന്നില്ല.
14. വിലയ്ക്ക് എടുക്കുവാനുദ്ദേശിക്കുന്ന സ്ഥലത്ത് ശ്മശാനങ്ങളോ, ആരാധനാലയങ്ങളോ, മതസ്ഥാപനങ്ങളോ, ആശുപത്രികളോ, വിദ്യാലയ ങ്ങളോ, അംഗനവാടികളോ, കാണപ്പെടുന്നില്ല.
15. വിലയ്ക്ക് എടുക്കുവാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ മുൻഭാഗത്തായി തൃശ്ശൂർ - ഷൊർണൂർ റോഡും, ബസ്സ്റ്റോപ്പും, വ്യാപാര വാണിജ്യ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നു.
16. വിലയ്ക്ക് എടുക്കുവാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സമീപത്തായി മുളങ്കുന്നത്തുകാവ് പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്നു.
17. വിലക്കെടുക്കാനുദ്ദേശിക്കുന്ന വസ്തു മൂന്നു കുടുംബങ്ങളിലെ നാലു വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതിനാൽ, എല്ലാവരുടേയും അനുവാദവും സഹകരണവും വസ്തു ക്രയവിക്രത്തിനാവശ്യമാണ്. (ഉടമസ്ഥാവകാശ ത്തിനുള്ള പരാതികൾ പരിശോധിക്കണം)

18. വിലക്കെടുക്കാനുദ്ദേശിക്കുന്ന വസ്തുവിന്റെ ഉടമസ്ഥതയിൽ ഉള്ള വയോജനങ്ങളുടെ സമ്മതം പരപ്രേരണയിൽ അല്ലാതെ ആണെന്ന് വ്യക്തമാക്കണം
19. സ്ത്രീജനങ്ങൾ, കുട്ടികൾ, എന്നിവരുടെ പുനരധിവാസം, സാധ്യമാണോ യെന്ന് ഉറപ്പുവരുത്തണം.
20. വിലക്കെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശത്തിൽ പ്രായ പൂർത്തിയാകാത്ത കുട്ടികൾക്കുണ്ടെങ്കിൽ വ്യക്തമാക്കണം.
21. വിലക്കെടുക്കാനുദ്ദേശിക്കുന്ന ഭൂമിയിൽ ഏതെങ്കിലും തരത്തിലുള്ള വായ്പകൾ, ഈട്, എന്നിവ ഗവൺമെന്റ് സംവിധാനം ഉപയോഗിച്ച് പരിശോധിക്കുക.
22. പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾക്കായി മുറിക്കേണ്ടി വരുന്ന മരങ്ങൾ ചെടികൾ എന്നിവ പുതിയതായി വച്ചുപിടിപ്പിക്കുക,
23. പദ്ധതി പ്രദേശത്ത് പക്ഷി സങ്കേതങ്ങളോ, ഗാർഡനോ, കാണപ്പെടുന്നില്ല.
24. വിലയ്ക്ക് എടുക്കുവാനുദ്ദേശിക്കുന്ന സ്ഥലത്ത് കുട്ടികളുടെ കളി സ്ഥലങ്ങളോ, മാലിന്യം സ്ഥാപിക്കുന്ന കുഴികളോ, വൃത്തി ഹീനമായ സ്ഥലങ്ങളോ കാണുപ്പെടുന്നില്ല.
25. വിലക്കെടുക്കാനുദ്ദേശിക്കുന്ന ഭൂമിയിൽ മൊബൈൽ ടവറുകൾ കാണപ്പെടുന്നില്ല.
26. വിലക്കെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് ഇലക്ട്രിസിറ്റി സൗകര്യം കാണപ്പെടുന്നു.
27. വിലയ്ക്ക് എടുക്കുവാനുദ്ദേശിക്കുന്ന ഭൂമി സ്വകാര്യവ്യക്തികളുടെ ആയതിനാൽ വിലയ്ക്ക് എടുക്കുവാൻ യാതൊരു വിധമായ നിയമ തടസ്സങ്ങളും കാണപ്പെടുന്നില്ല.
28. വിലയ്ക്ക് എടുക്കുവാനുദ്ദേശിക്കുന്ന സ്ഥലത്ത് സർക്കാർ പുറമ്പോക്കു ഭൂമിയോ, തോടുകളോ, കുടിവെള്ള പദ്ധതിയോ കാണുന്നില്ല.

29. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ആദിവാസി - ദളിത് സമൂഹങ്ങൾ ഒന്നും തന്നെ കാണപ്പെടുന്നില്ല.
30. പദ്ധതി പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ ദാരിദ്ര രേഖയ്ക്ക് മുകളിൽ ഉള്ളവരും, മുസ്ലിം മതവിഭാഗത്തിൽപ്പെട്ടവരുമാണ്.
31. പദ്ധതിയ്ക്കായി വിലയ്ക്ക് എടുക്കുന്ന ഭൂമിയുടെയും സ്ഥാവര ജംഗമ വസ്തുക്കളുടെയും നഷ്ടപരിഹാരം നിജപ്പെടുത്തി എത്രയും വേഗം ഗവൺമെന്റ് സംവിധാനങ്ങളുപയോഗിച്ച് നൽകുക.
32. പദ്ധതി തുടങ്ങിയാൽ എത്രയും പെട്ടെന്ന് പദ്ധതി അവസാനിപ്പിച്ച് പൊതുജനങ്ങൾക്കായി നൽകുക.

## KILA യുടെ സാമൂഹിക പ്രാധാന്യത്തെക്കുറിച്ച് അധികൃതർ നൽകുന്ന വസ്തുതകൾ

### I. ഇ ഗവേണൻസ്

കിലയെ കമ്പ്യൂട്ടറൈസ്ഡ്/പേപ്പർ രഹിത ഓഫീസാക്കി മാറ്റുക എന്ന ഉദ്ദേശത്തോടെ വിവിധ പ്രവർത്തനങ്ങൾ 201617 മുതൽ നടപ്പിലാക്കി വരുന്നു.

- കംപ്ലീറ്റ് ഓൺലൈൻ കില (CoKILA) - കിലയുടെ മാനേജ്മെൻറ് ഇൻഫർമേഷൻ സിസ്റ്റത്തിനായി 'കോകില' എന്ന സോഫ്റ്റ് വെയർ പ്രയോജനപ്പെടുത്തി പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും അത് വഴി ഒരു പേപ്പർരഹിത ഓഫീസാക്കുന്നതിനുള്ള പ്രവർത്തികൾ നടപ്പാക്കി വരുന്നു.
- കമ്പ്യൂട്ടർവൽക്കൃത ഹെൽപ്പ്ഡെസ്ക്ക് സംവിധാനം - തദ്ദേശഭരണവുമായി ബന്ധപ്പെട്ട സംശയദൂരീകരണത്തിനായി

കിലയിൽ പ്രവർത്തിച്ച് വരു-ന്ന ഹെൽപ്പ്ഡെസ്ക്കിൽ അഞ്ച് വിദഗ്ധരുടെ സേവനം ലഭ്യമാണ്.

- **D-Space കോൺഫിഗറേഷൻ** - ഡിജിറ്റൽ റെപ്പോസിറ്ററി (Digital Repository) കൾ തുറക്കുന്നതിനാവശ്യമായ സോഫ്റ്റ് വെയറാണ് ഡി-സ്പേസ്.
- **കമ്പ്യൂട്ടർൽക്കൃത ലൈബ്രററി** - തദ്ദേശഭരണം, വികേന്ദ്രീകരണം, പങ്കാളിത്ത വികസനം, ഗവേഷണ രീതിശാസ്ത്രം തുടങ്ങി വിവിധ മേഖലകളിലായി പുസ്തകങ്ങളുടേയും ജേർണലുകളുടേയും വലിയൊരു ശേഖരം തന്നെ കില ലൈബ്രററിയിലുണ്ട്
- **വെർച്വൽ ലേണിംഗ് സിസ്റ്റം** - വിവിധ വിഷയങ്ങളിലെ പരിശീലനത്തിനായി കിലയിൽ വെർച്വൽ ക്ലാസ് റൂം സംവിധാനം പ്രയോജനപ്പെടുത്തി വരുന്നു.
- MOOC (Massive Open Online Course ) നടപ്പിലാക്കുന്നതിനായുള്ള ആസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- **ഹ്രസ്വകാല ഡിപ്ലോമ കോഴ്സുകൾ**

**ഡിപ്ലോമ ഇൻ ലോക്കൽ ഗവേണൻസ്** : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥര്ക്കായി തദ്ദേശഭരണത്തിലുള്ള അവരുടെ അറിവും കഴിവും വൈദഗ്ധ്യവും പരിപോഷിപ്പിക്കുന്നതിന് പ്രത്യേക പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ ഡിപ്ലോമ ഇൻ ലോക്കൽ ഗവേണൻസ് കോഴ്സുകൾ വിജയകരമായി നടപ്പിലാക്കി.

## KILA നടപ്പിലാക്കിയ പദ്ധതികളും പരിപാടികളും

1) വികേന്ദ്രീകൃതാസൂത്രണം, തദ്ദേശഭരണം എന്നിവയിൽ ശ്രേഷ്ഠ സ്ഥാപനം **(Centre of Excellence)** :തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശ്രേഷ്ഠസ്ഥാപനമാക്കുന്നതിൻറെ ഭാഗമായി **SIRD** കൊട്ടാരക്കര, **AHADS-CCPRM** എന്നിവ കിലയിൽ ലയിപ്പിക്കുകയും കൊട്ടാരക്കര, മണ്ണുത്തി, തളിപ്പറമ്പ് എന്നിവടങ്ങളിലെ **ETC**

സെൻററുകളെ കിലയുടെ ഭാഗമാക്കി പുനർനാമകരണം ചെയ്തത് ഉത്തരവായതിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു. പ്രസ്തുത സെന്ററുകളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

1) KILA Tribal Development & Natural Resource Management Centre (KILA TD&NRM Centre), Agali, Palakkad
2) KILA Human Resource Development Centre (KILA HRD Centre), Kottarakkara, Kollam
3) KILA- Centre for Organic and Waste Management, Thaliparamba, Kannur
4) KILA- Centre for Socio-Economic Development, Kottarakkara, Kollam
5) KILA-Centre for Good Governance, Mannuthy, Thrissur

## 2) പ്രത്യേക വിഷയ മേഖല കേന്ദ്രങ്ങൾ

തദ്ദേശഭരണവുമായി ബന്ധപ്പെട്ട് വിവിധ വിഷയ മേഖലകൾക്കായി കേന്ദ്രങ്ങൾ ( Knowledge Hubs) ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്ന് കൊണ്ടിരിക്കുന്നു. ദേശീയ/അന്തർദേശീയ സ്ഥാപനങ്ങളുമായി സഹകരിച്ചുക്കൊണ്ട് വിവിധ പ്രവർത്തനങ്ങൾ നട ക്കുന്നതിന്റെ രത്നചുരുക്കം ചുവടെ ചേർക്കുന്നു.

1) **സെന്റർ ഫോർ എസ്.ഡി.ജി.(SDGs) ആന്റ് ലോക്കൽ ഗവേണൻസ്**
2) **പരിസ്ഥിതി, കാലാവസ്ഥ വ്യതിയാനം, ജൈ വൈവിധ്യ കേന്ദ്രം**
3) **ഇന്നവേഷൻ ആന്റ് ഇൻക്യുബേഷൻ ഹബ്ബ് ഫോർ ലോക്കൽ ഗവൺ**
4) **ജെന്റർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ് -**
5) **ലീഗൽ റിസോഴ്സ് സെന്റർ ഫോർ ലോക്കൽ ഗവേണൻസ് -**

### പരിശീലനത്തിൽ നിന്നും കാര്യശേഷി വികസനത്തിലേക്ക്

താഴെപ്പറയുന്ന വിവിധ രീതികളിലൂടെയാണ് കാര്യശേഷി വികസന പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്.

- പരിശീലനം
- ബോധവൽക്കരണവും വിവരങ്ങൾ പങ്കുവെക്കലും
- മാർഗ്ഗ നിർദ്ദേശങ്ങൾ നൽകൽ
- പ്രവർത്തനങ്ങളിലൂടെയുള്ള പഠനം
- അനുഭവങ്ങൾ പങ്കുവെക്കൽ
- വിജയപരാജയങ്ങളുടെ പ്രതിഫലനം
- കോച്ചിംഗ്
- ഹാന്റ് ഹോൾഡിംഗ്
- Peer ലേർണിംഗ്
- ഡി- ലേർണിംഗ് & റി ലേർണിംഗ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള കാര്യശേഷി വികസന പരിപാടികൾ കൂടുതൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി മെച്ചപ്പെടുത്തിയിട്ടുണ്ട് നഗരഭരണം, ആസൂത്രണം എന്നിവക്ക് കൂടുതൽ ശ്രദ്ധ നൽകിയിട്ടുണ്ട്. തദ്ദേശഭരണം, വികേന്ദ്രീകരണം എന്നിവയുമായി ബന്ധപ്പെട്ട്

പ്രവർത്തിക്കുന്ന വിവിധ ഡിപ്പാർട്ട്മെന്റുകൾ, സ്ഥാപനങ്ങൾ, പദ്ധതികൾ, മിഷനുകൾ എന്നിവയുമായി ദീർഘകാലാടിസ്ഥാനത്തിൽ സഹകരിച്ച് പ്രവർത്തിക്കുന്ന സംവിധാനം ആസൂത്രണം ചെയ്തിട്ടുണ്ട്. കില സംഘടിപ്പിക്കുന്ന വിവിധ ഗവേഷണ പരിപാടികൾ വഴിയായി കൂടുതൽ പരിപാടികൾ ആസൂത്രണം ചെയ്ത് നിലവിലുള്ളവയുടെ ഉള്ളടക്കം, രീതിശാസ്ത്രം, സമീപനം എന്നിവ മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്.

**ബാല സൗഹൃദ തദ്ദേശഭരണം**

കുട്ടികളുടെ അവകാശങ്ങളിലൂന്നിയ തദ്ദേശഭരണം നടപ്പിലാക്കുക എന്ന ലക്ഷ്യവുമായി കിലയിൽ ചൈൽഡ് റിസോഴ്സ് സെന്റർ (CRC) പ്രവർത്തിച്ച് വരുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ കുട്ടികളുടെ അവകാശം ഉറപ്പുവരുത്തുക, ശിശുസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റുക എന്നിവ ലക്ഷ്യമിട്ടുക്കൊണ്ട് വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.തൃശൂർ ജില്ല ബാലസൌഹൃദ ജില്ലയാക്കി മാറ്റുന്നതിനുള്ള കർമ്മപരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സഹായം നൽകി വരുന്നു.

- **ബാലസൗഹൃദ തദ്ദേശഭരണത്തിൽ പരിശീലനം**
- **ബാലസൗഹൃദഭരണത്തിൽ പോസ്റ്റ് ഗ്രാജുവേഷൻ ഡിപ്ലോമ കോഴ്സ്**
- **ഡിസ്ട്രിക്ട് പ്ലാൻ ഓഫ് ആക്ഷൻ ഫോർ ചൈൽഡ്**
- **അട്ടപ്പാടിയിലെ കൗമാര പ്രായക്കാർക്ക് വേണ്ടിയുള്ള പ്രത്യേക പ്രവർത്തനങ്ങൾ**

# ദേശീയ-അന്തർദേശീയ പരിപാടികൾ:

നിലവിൽ വിവിധ സ്വദേശ-വിദേശ സ്ഥാപനങ്ങളുമായി കില സഹകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഇത് വഴി മറ്റ് സ്ഥാപനങ്ങൾക്ക് അവരുടെ അനുഭവങ്ങൾ പങ്ക് വെക്കുന്നതിനും കിലക്ക് സ്വന്തം അനുഭവങ്ങൾ പങ്കുവെക്കുന്നതിനുമുള്ള ഒരു വേദി സൃഷ്ടിക്കപ്പെടുകയാണ്. അന്താരാഷ്ട്രതലത്തിലുള്ള സ്ഥാപനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നത് വഴി വിദേശത്തുള്ള മറ്റ് സ്ഥാപനങ്ങളുമായും രാഷ്ട്രങ്ങളുമായും ആശയവിനിമയവും സാധ്യമാകുന്നു. ഒപ്പം കിലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുകയും ലക്ഷ്യ.മിടുന്നു.

**ലോഗ് ഇൻ ഏഷ്യ**

അധികാര വികേന്ദ്രീകരണവും തദ്ദേശഭരണവുമായി ബന്ധപ്പെട്ട ഏഷ്യൻ രാജ്യങ്ങളെ ഒത്തുചേർത്തുക്കൊണ്ടുള്ള ഈ നെറ്റ് വർക്കിന്റെ ഇന്ത്യ ഫ്ളാറ്റ്ഫോമിന്റെ ഫെസിലിറ്റേറ്ററാണ് 'കില'. ഏഷ്യൻ രാജ്യങ്ങളിലെ പ്രതിനിധികൾക്കായി 'തദ്ദേശഭരണവും അധികാര വികേന്ദ്രീകരണവും' സംബന്ധിച്ച അന്തർദ്ദേശീയ പരിശീലന പരിപാടി കില സംഘടിപ്പിച്ചു.

**മംഗോളിയ**

മംഗോളിയയുടെ തലസ്ഥാനമായ ഉലാൻബത്താറിന് (Ulaanbaatar) ആവശ്യമായ പരിശീലന സംവിധാനം തയ്യാറാക്കുവാൻ കിലയുടെ സഹായം തേടുകയുണ്ടായി. ഇതിൻപ്രകാരം കില പ്രതിനിധി അവിടെ സന്ദർശിക്കുകയും തുടർന്ന് മംഗോളിയൻ പ്രതിനിധി സംഘം കേരളത്തിലെത്തി പരിശീലന സംവിധാനം രൂപകല്പന ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**ശ്രീലങ്ക**

ശ്രീലങ്കൻ പ്രാദേശിക സർക്കാരിലെ വിവിധതല സംവിധാനങ്ങൾക്കായി കില പരിശീലനം സംഘടിപ്പിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ശ്രീലങ്കയിലെ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. ഫൈസൽ മുസ്തഫയും സംഘവും കില സന്ദർശിച്ചു.

**ഭൂട്ടാൻ**

ഭൂട്ടാൻ സർക്കാരിന്റെ പ്രതിനിധികൾക്കുള്ള പരിശീലനം കില സംഘടിപ്പിക്കുന്നു.

**ബംഗ്ലാദേശ്**

ബംഗ്ലാദേശിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കായുള്ള പരിശീലനത്തിന് കില നേതൃത്വം നൽകുന്നു.

**വിവിധ കോഴ്സുകൾ**

1. ഡിപ്ലോമ ഇൻ ലോക്കൽ ഗവേണൻസ് ഫോർ ഇലക്റ്റഡ് റെപ്രസന്റേറ്റീവ്സ്
2. ഡിപ്ലോമ ഇൻ ലോക്കൽ ഗവേണൻസ് (ഓൺലൈൻ കോഴ്സ്) ഫോർ സെലക്റ്റഡ് ക്ലറിക്കൽ സ്റ്റാഫ്
3. ഡിപ്ലോമ ഇൻ ഡീസെന്റ്രലൈസ്ഡ് ലോക്കൽ ഗവേണൻസ് ഫോർ ഒഫീഷ്യൽസ്
4. സർട്ടിഫിക്കേറ്റ് കോഴ്സ് ഓൺ ഡീസെന്റ്രലൈസേഷൻ & ലോക്കൽ ഗവേണൻസ് ഫോർ സ്റ്റുഡന്റ്സ് & യൂത്ത്
5. മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് ഓൺ ഡീസെന്റ്രലൈസേഷൻ & ലോക്കൽ ഗവേണൻസ്
6. ഡിപ്ലോമ ഇൻ ജെന്റർ & ലോക്കൽ ഗവേണൻസ്
7. സർട്ടിഫിക്കേറ്റ് കോഴ്സ് ഇൻ എൻവയോൺമെന്റ് & ലോക്കൽ ഗവേണൻസ്
8. പി.ജി ഡിപ്ലോമ ഇൻ ചൈൽഡ് ഫ്രണ്ട്ലി ഗവേണൻസ്
9. സർട്ടിഫിക്കേറ്റ് കോഴ്സ് ഓൺ എസ്.ഡി.ജി
10. സർട്ടിഫിക്കേറ്റ് കോഴ്സ് ഓൺ ജൂറിസ്പ്രൂഡൻസ് ഇൻ ലോക്കൽ ഗവേണൻസ്
11. പി.ജി ഡിപ്ലോമ ഇൻ അർബൻ പ്ലാനിംഗ് & ഗവേണൻസ്

- **സുസ്ഥിര വികസന ലക്ഷ്യങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും**
- **ദേശീയ കോൺഫറൻസ്**
- **കാലാവസ്ഥാ വ്യതിയാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും**
- **കാലാവസ്ഥാ വ്യതിയാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും - കോസ്റ്റൽ ആക്ഷൻ പ്ലാൻ**
- **കാലാവസ്ഥാ വ്യതിയാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും - ഹീറ്റ് ആക്ഷൻ പ്ലാൻ**

# പുതിയ പരിശീലന പരിപാടികൾ

## ബ്ലൂ ആർമി

ജല സംരക്ഷണത്തിനും ജല വിനിയോഗത്തിലും പുതിയൊരു സംസ്ക്കാരം വരും തലമുറക്ക് പകർന്ന് കൊടുക്കന്നത് ഇന്നിന്റെ ചുമലയായതിനാൽ സമഗ്രമായ ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ ജില്ലയിൽ കാർഷികാവശ്യത്തിനും കുടിക്കുന്നതിനുമുള്ള ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ തൃശൂർ ജില്ല ആവിഷ്ക്കരിച്ച ജില്ലാ പദ്ധതിയാണ് ജലരക്ഷ ജീവരക്ഷ എന്ന സംയോജിത പ്രോജക്ട് ജില്ലയിലെ വിദ്യാർത്ഥി സമൂഹത്തിന്റെ മുഴുവൻ പങ്കാളിത്തം ഉറപ്പ് വരുത്തുക വഴി ജലസാക്ഷരത വിദ്യാർത്ഥികളിൽ ഊട്ടിയുറപ്പിക്കുക എന്നതാണ് ബ്ലൂ ആർമി ലക്ഷ്യമിടുന്നത്. ഇതിനായുള്ള പരിശീലന പരിപാടി ജില്ലാ ആസൂത്രണ സമിതിയുടെയും കിലയുടെയും ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

**ബാല സൌഹൃദ ഡിപ്ലോമ കോഴ്സ് :**

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് 6 മാസത്തെ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. കുട്ടികളുടെ അവകാശങ്ങൾ ആസൂത്രണ ഇടപെടൽ വഴി ഉറപ്പാക്കാൻ ഉതകുന്ന വൈദഗ്ധ്യം ഒരുക്കുന്നതിന് സാധ്യതയേകും. താത്വികമായ നിലപാടുകൾക്കൊപ്പം പ്രായോഗികമായ അനുഭവങ്ങളും ഉൾച്ചേർത്തുക്കൊണ്ട് വിവിധ സംവിധാനങ്ങൾ എങ്ങനെ ബാലസൌഹൃദമാക്കാം എന്നത് സംബന്ധിച്ച കൃത്യമായ ധാരണയും ഈ കോഴ്സ് വഴി സൃഷ്ടിക്കാനാകും.

**മുന്നോട്ട് പരിശീലന പരിപാടി :**

വ്യക്തി ശുചിത്വവും വ്യക്തിഗത വികസനവും അക്കാദമിക് മികവും അട്ടപ്പാടിയിലെ ആദിവാസി വിദ്യാർത്ഥികളിൽ വളർത്തുന്നതിന്

പരിശീലനം ലഭിച്ച അട്ടപ്പാടിയിലെ റിസോഴ്സ് അംഗങ്ങൾ അവധി ദിവസമായ ശനി. ഞായർ ദിവസങ്ങളിൽ വിദ്യാർത്ഥികൾക്ക് കിലയുടെ അഗളി കേന്ദ്രത്തിൽ പരിശീലനം നൽകി വരുന്നു.

**പ്രോജക്ട് ഷൈൻ**

കിലയുടെ അഗളി കേന്ദ്രത്തിൽ സംഘടിപ്പിച്ചു വരുന്ന 'പ്രൊജക്റ്റ് ഷൈൻ' അട്ടപ്പാടിയിലെ ആദിവാസി വിഭാഗത്തിൽപെട്ട അഞ്ചാം തരത്തിനു മുകളിലുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർഥികളെ ഉന്നത വിദ്യാഭ്യാസത്തിനുള്ള മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനുള്ള പരിശീലനം ഈ വർഷം മുതൽ കില ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

**മലയാളം സോഫ്റ്റ് വെയറില് പരിശീലനം**

കിലയുടെ അഗളി കേന്ദ്രത്തിൽ അട്ടപ്പാടിയിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി മലയാളം സോഫ്റ്റ് വെയറിൽ പരിശീലനം നടത്തിവരുന്നു.

**നവകേരളത്തിനായി ജനകീയാസൂത്രണം – നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്കായുള്ള പരിശീലന പരിപാടി**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്കായി പ്രോജക്ട് അംഗീകാരം നൽകുന്നതിനായിട്ടുള്ള പരിശീലനം നടത്തി വരുന്നു.

**പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ കോഴ്സ്**

മഹാത്മാഗാന്ധി സർവ്വകലാശാലയുമായി സഹകരിച്ച് മൂന്ന് പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

**ജില്ലയിലെ നദികളെ സംരക്ഷിക്കുന്നതിനായുള്ള പദ്ധതി (RIVER PROTECTION PROGRAMME)**

തൃശൂർ ജില്ലയിലെ കേച്ചേരിപ്പുഴ, മലപ്പുറം ജില്ലയിലെ ചെറുപുഴ തുടങ്ങിയവ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതികൾ ജില്ലാ ഭരണകൂടവുമായി സംയോജിപ്പിച്ചുക്കൊണ്ട് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതികളും ഉപയോഗപ്പെടുത്തി നീർത്തട പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആവിഷക്കരിക്കുന്നു. ഈ പ്രദേശങ്ങളിലെ സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളുടെ വൈദഗ്ധ്യവും അറിവും ഇതിനായി ഉപയോഗപ്പെടുത്തുന്നു.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

ഗ്രാമപഞ്ചായത്തുകളിലെ അടിസ്ഥാന സൌകര്യ വികസനം, മണ്ണ്, ജല, ജൈവസമ്പത്ത് സംരക്ഷണ പദ്ധതികള് ഏറ്റെടുക്കുന്നതിനാവശ്യമായ പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നീ മേഖലകളിൽ കാര്യശേഷി വികസന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. നീർത്തട മാസ്റ്റർ പ്ലാനുകളുടെ രൂപീകരണവും ഇതിൻറെ ഭാഗമായി നടത്തിയിട്ടുണ്ട്.

**പ്രാദേശിക പഠന ഗവേഷണ പ്രവർത്തനങ്ങൾ**

കേരളത്തിലെ പ്രാദേശിക സർക്കാരുകളിൽ നടന്ന് വരുന്ന അനുകരണീയവും മാതൃകാപരവുമായ പ്രവർത്തനങ്ങൾ പഠിക്കുകയും മറ്റു സ്ഥാപനങ്ങൾക്കും പകർന്ന് നൽകാൻ കഴിയുകയും ചെയ്യുന്ന തരത്തിൽ അവ രേഖപ്പെടുത്തി മാതൃകയാക്കുന്ന പുതിയൊരു വികസന സമീപനത്തിന് കില ആരംഭം കുറിച്ചിരിക്കുന്നു. വിവിധ മേഖലയിൽ അനുഭവവും അറിവും ഉള്ള വിദഗ്ധർ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

**പ്രാദേശികാസൂത്രണത്തിൽ വിദഗ്ധരെ വാർത്തെടുക്കലും ഉപയോഗപ്പെടുത്തലും**

വിവിധ വികസന മേഖലകളിലെ പ്രാദേശിക പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അവക്ക് ശാശ്വതവും ശാസ്ത്രീയവുമായ പരിഹാരങ്ങൾ നിർദ്ദേശിക്കാൻ കഴിയുന്ന വിദഗ്ധരുടെ ശൃംഖല സൃഷ്ടിക്കുക എന്നതാണ് ഈ ഉദ്യമത്തിൻറെ ലക്ഷ്യം. പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങളിൽ സാങ്കേതിക മികവ് നൽകി സ്ഥായിയായ വികസനത്തിന് സഹായിക്കുന്ന അടിസ്ഥാന മാറ്റത്തിനുള്ള ഒരു ചുവടുവെയ്പ്പാണിത്

**അടിസ്ഥാന സൌകര്യ വികസനം :**

കിലയിലെ നിലവിലുള്ള രണ്ട് ഗസ്റ്റ് ഹൌസുകളുടെയും ക്സാസ് മുറികളുടെയും, 24 കാർട്ടേഴ്സുകളുടേയും നവീകരണ പ്രവർത്തനങ്ങളും, സോളാർ സംവിധാനം സ്ഥാപിക്കുന്നത്, 250 കെ.വി. പുതിയ ജനറേറ്ററുകൾ സ്ഥാപിക്കുകയും, കെട്ടിടങ്ങളുടെ ചോർച്ച തടയുന്നതിനായി ട്രസ്സ് വർക്ക്, പുതിയ അടുക്കളയുടെ നിർമ്മാണം, പുതിയ കമ്പ്യൂട്ടർ ലാബ്, ലിഫ്റ്റ് സംവിധാനം സ്ഥാപിക്കൽ, വിവിധ കെട്ടിടങ്ങളിൽ റാമ്പുകൾ സ്ഥാപിക്കൽ, കൊട്ടാരക്കര, അഗളി എന്നീ സെന്ററിലെ നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റക്കുറ്റപ്പണികൾ, Waste Water Treatment Plant, വാട്ടർ ടാങ്കിന്റെ നിർമ്മാണം, കിലയുടെ ഭാവി വികസനത്തിന്റെ ഭാഗമായി 9.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എന്നിവ അന്തിമഘട്ടത്തിലാണ്. മണ്ണൊലിപ്പ് തടയുന്നതിനായി പീച്ചിയിലെ കെ.എഫ്.ആർ.ഐ യുമായി ചേർന്ന് മുളന്തോട്ടം നിർമ്മിക്കുന്നതിനായുള്ള ആദ്യഘട്ട പ്രവർത്തനം ആരംഭിച്ചു.

## വിലയ്ക്ക് എടുക്കുന്ന സ്ഥലത്തിന്റെ അനുയോജ്യത പരിശോധിച്ച് വിദഗ്ദ്ധസമിതിക്ക് ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ.

ഭൂമിയുടെ ക്രയവിക്രയിടപാടുകളിൽ ഇടനിലക്കാരുടെയോ, മധ്യവർത്തികളുടെയോ സ്വാധീനം അനുവദനീയമല്ല. ഭൂമി സംബന്ധമായ ക്രയ വിക്രയങ്ങളിൽ യാതൊരു വിധമായ പണമോ, പാരിതോഷികങ്ങളോ വിദഗ്ദ്ധസമിതി ചെയർമാനോ അംഗങ്ങളോ സ്വീകരിക്കാൻ പാടുന്നതല്ല.

SIA report page - 12 പ്രകാരം ഭൂമിയുടെ ഉടമസ്ഥർ ബന്ധുക്കളായ മൂന്ന് കുടുംബങ്ങളുടെ നാലു വ്യക്തികളുടെ ഉടമസ്ഥതയിലുള്ള പരമ്പരാഗത സ്വത്താണെന്നു രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വിദഗ്ദ്ധ സമിതിയുടെ അന്വേഷണ പ്രകാരം ഉടമസ്ഥതയിൽ നിന്നറിയാൻ കഴിഞ്ഞത് ആറുടമസ്ഥരും, 10.53 ഏക്കറാണെന്നുള്ളതുമാണ്. ഇത് കൃത്യമായി രേഖപ്പെടുത്തി SIA report page 12 ന്യൂനതകൾ പരിഹരിക്കുക. (രേഖകൾ റിപ്പോർട്ടിനൊപ്പം സമർപ്പിക്കുന്നു)

25/7/2019 സുഹറ ഹൈദ്രോസ്, പുതിയവീട്ടിൽ ഹൗസ് നൽകിയ പരാതി പരിശോധിച്ച് മുഹമ്മദ് ബഷീറിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കിലയുടെ വിലയ്ക്ക് എടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ പട്ടികയിലുൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുക.

മുഹമ്മദ് ബഷീറിന്റെ ഭൂമി ഏറ്റെടുക്കാത്ത പക്ഷം വസ്തുവിന്റെ ക്രയ വിക്രയം തടസ്സപ്പെടുമോ എന്ന കാര്യം പരിശോധിക്കപ്പെടേണ്ടതാണ്.

# സംഗ്രഹം

കേരളത്തിന്റെ അധികാര വികേന്ദ്രീകരണം, ജനകീയ പങ്കാളിത്തം, ഗ്രാമ വികസനം, സഹകരണം, എന്നീ വിവിധ മേഖലകളിൽ സംഭാവന നൽകുന്നതിൽ പരമപ്രധാനമായ ഭാഗമാണ് കിലയ്ക്കുള്ളത്. ഈ സ്ഥാപനത്തിന്റെ നിലനിൽപ്പും, വളർച്ചയും കേരളത്തിന്റെ സുസ്ഥിര വികസനത്തിന്റെ ആണികല്ലായി കണക്കാക്കാം. ഭാരതത്തിന്റെയും വിശിഷ്യാ കേരളത്തിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനത്തിനും, വളർച്ചയ്ക്കും കില നൽകുന്ന സംഭാവനകൾ ശ്ലാഘനീയമാണ്. കൂടുതൽ ഗവേഷണ മേഖലകളും, കോഴുസുകളും തുടങ്ങുവാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഹോസ്റ്റൽ സംവിധാനങ്ങൾ, പരിശീലന കേന്ദ്രങ്ങൾ, മാനവവിഭവശേഷി എന്നിവയുടെ അഭാവമാണ് ഇന്ന് കില നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. അതിനാൽ കിലയുടെ ക്യാമ്പസിലേക്ക് സുഗമമായി എത്തിച്ചേരുന്നതിനും ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഭൂമി വിലയ്ക്ക് എടുത്ത് പ്രസ്തുത പദ്ധതി ആരംഭിക്കുന്നത് സ്വാഗതാർഹമാണ്.

തൃശ്ശൂർ ജില്ലയിലെ, തൃശ്ശൂർ താലൂക്കിലെ കിള്ളന്നൂർ വില്ലേജിലെ സർവ്വേ നമ്പർ 538/1p, 539/1p , 539/3, 540/1p, 543/1p ആണ് വിലയ്ക്ക് എടുക്കുവാനുദ്ദേശിക്കുന്ന ഭൂമി. (SIA റിപ്പോർട്ടിൽ വന്ന തെറ്റ് പരിഹരിക്കണം) കിലയുടെ വികസനത്തിനായി വിലയ്ക്ക് എടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ ഉടമസ്ഥതയിലും വിസ്തീർണ്ണത്തിലും ഭൂവുടമകൾ നൽകിയ ആശങ്കകൾ പരിഹരിച്ച്, കടവിൽ മുഹമ്മദ് ബഷീറിന്റെ ഭൂമി കൂടി ഏറ്റെടുത്ത് റീസർവ്വേ നടത്തി കൃത്യമായി നിജപ്പെടുത്തി, നിയമപ്രകാരമുള്ള നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കാം. മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡിൽ

ഉൾപ്പെട്ട 10.5 ഏക്കർ ഭൂമിയാണ് പ്രസ്തുത പദ്ധതിയ്ക്കായി ഏറ്റെടുക്കുന്നത്. ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതിലൂടെ പദ്ധതി മൂലം സമൂഹത്തിലുണ്ടാകുന്ന ഗുണഫലങ്ങൾ കണക്കിലെടുക്കുമ്പോൾ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ വളരെ കുറഞ്ഞ രീതിയിലാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

പദ്ധതി പ്രദേശത്ത് വനഭൂമിയോ, പക്ഷി സങ്കേതങ്ങളോ, മൃഗസംരക്ഷണ കേന്ദ്രങ്ങളോ, ആശുപത്രികളോ, തണ്ണീർത്തടങ്ങളോ, അംഗന വാടികളോ, ആതുരാലയങ്ങളോ, ശ്മശാനങ്ങളോ, ചതുപ്പ് നിലങ്ങളോ, എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ ജനങ്ങൾക്ക് പദ്ധതി വരുന്നതിൽ പ്രത്യക്ഷമായി യാതൊരു എതിർപ്പുകളും വിദഗ്ദ്ധ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ പദ്ധതി ജനങ്ങളുടെ പൊതു ആവശ്യത്തിനായി ഉതകുന്നതും, പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ, പദ്ധതിയുടെ ഭാഗമായുണ്ടാകുന്ന സാമൂഹിക ചിലവുകളുടെയും പ്രത്യാഘാതങ്ങളേയും അപേക്ഷിച്ച് കൂടുതലായതിനാലും, പദ്ധതി പ്രദേശത്ത് കുടിഒഴിപ്പിക്കൽ, പുനരധിവാസം കാര്യമാത്ര പ്രസക്തം അല്ലാത്തതിനാലും, പദ്ധതിയ്ക്ക് യുക്തവും വിശ്വാസയോഗ്യവുമായ ഒരു പൊതു ആവശ്യമുള്ളതിനാലും, പദ്ധതിയ്ക്കായി മറ്റു ഭൂമി ലഭ്യതയോ, മാർഗ്ഗങ്ങളോ ഇല്ലാത്തതിനാലും, പദ്ധതിയിൽ അടങ്ങിരിക്കുന്ന ഗുണങ്ങളും പൊതു ആവശ്യങ്ങളും വളരെ വലുതായതിനാലും, പദ്ധതിയ്ക്കായി ചുരുങ്ങിയ വിസ്തീർണ്ണം മാത്രമേ ആവശ്യമുള്ളതിനാലും, പദ്ധതി പ്രദേശത്തെ നേരത്തെ ഏറ്റെടുത്തിട്ടുള്ളതും ഉപയോഗിച്ചിട്ടുള്ളതുമായ ഭൂമിയില്ലാത്തതിനാലും ഭാവി കേരളത്തിന്റെ സമഗ്രമായ വികസനത്തിന്റെ നെടുംതൂണായ കിലയുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് പുതിയ കോഴ്സുകളും ഗവേഷണ മേഖലകളും ആരംഭിക്കുന്നതിനുള്ള പരിശീലനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നത് കാലഘട്ടത്തിന്റെ അനിവാര്യത ആയതിനാൽ. അധികൃതർ അതിർത്തി കല്ലുകൾ സ്ഥാപിച്ച് അനുയോജ്യമായ നഷ്ടപരിഹാരങ്ങൾ നൽകി സ്ഥലം ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ RECTLARR ACT 2013 പ്രകാരം ശക്തമായി ശുപാർശ ചെയ്യുന്നു.

# വിദഗ്ദ്ധ സമിതി അംഗങ്ങൾ

| ക്രമ നം | കാറ്റഗറി | പേര് | ഒപ്പ് / തീയ്യതി |
|---|---|---|---|
| 1 | ചെയർമാൻ | 1. ഡോ.ബിനു കെ., സാമൂഹിക ശാസ്ത്ര വിഭാഗം മേധാവി, സെന്റ് മേരീസ് കോളേജ്, തൃശ്ശൂർ - 680 002 ഫോൺ - 9846678530 ഇ-മെയിൽ - binupalara1976@gmail.com | 25/2/2020 |
| 2 | എക്സ്പ്രെർട്ട് കമ്മിറ്റിമെമ്പർ | 2. ഡോ.രമ്യ ആർ. അസി. പ്രൊഫസർ, സാമ്പത്തിക ശാസ്ത്രം, ശ്രീ.സി.അച്യുതമേനോൻ ഗവ.കോളേജ്, കുട്ടനെല്ലൂർ, തൃശ്ശൂർ, ഫോൺ - 9946985656, ഇ-മെയിൽ - ramyarajeswaran@yahoo.com @gmail.com (സാമൂഹിക ശാസ്ത്രജ്ഞ) | |
| 3 | മെമ്പർ | 3. ശ്രീ.പി.കെ.ഗോപാലൻ, റിട്ട. ഡെപ്യൂട്ടി കളക്ടർ, പാടിയേടത്ത് വീട്, തോന്നൂർക്കര പി.ഒ.,തൃശ്ശൂർ-680586,ഫോൺ - 9447715310 ഇ-മെയിൽ - pkgopalan@gmail.com (പുനരധിവാസ പ്രവർത്തന വിദഗ്ദ്ധൻ)<br>4. ശ്രീമതി.ഫാത്തിമത്ത് സുമയ്യ, സ്പെഷ്യൽ തഹസി ദാർ, എൽ. എ. കോർപ്പറേഷൻ, തൃശ്ശൂർ. (പുനരധിവാസ പ്രവർത്തന വിദഗ്ദ്ധൻ)<br>5. ശ്രീ.സജീവ് കെ.ജി, കൺസൽട്ടന്റ്, കില, ഫോൺ-9446066907(സാങ്കേതികവിദഗ്ദ്ധൻ) | 25/2/20<br>25/2/2020<br>25/2/20 |
| 4 | ബാധിക്കപ്പെട്ട പ്രദേശത്തെ രണ്ട് പഞ്ചായത്ത് പ്രതിനിധികൾ (ഒരു വനിതാ അംഗം ഉൾപ്പെടെ) | 6. ശ്രീ.കെ.എച്ച്. സുഭാഷ് (വൈസ് പ്രസിഡന്റ്, മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്), ഫോൺ - 7034715102<br>7. ശ്രീമതി.ഷിജി സുനിൽകുമാർ (വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്) ഫോൺ - 9526476726 | |

25-07-2019

സുഹറ ഹൈദ്രോസ്

പുതിയവീട്ടിൽ ഹൗസ്

പി.ഒ. കിഴുപ്പുള്ളിക്കര, സ്വന്തം പേരിലും (പവർ ഓഫ് അറ്റോർണി ഹോൾഡർ ഓഫ്)

1. കടവിൽ മുഹമ്മദ് ബഷീർ ഭാര്യ റുക്കിയ
2. മുസ്ലിയം വീട്ടിൽ അബ്ദുൾ റഹിമാൻമകൾ സുബൈദ
3. കടവിൽ കൊച്ചവറു മകൻ മുഹമ്മത് ബഷീർ
4. കടവിൽ കൊച്ചവറു ഭാര്യ ഐഷ
5. പൊക്കാക്കില്ലത്ത് കുഞ്ഞിമൊയ്തു മകൾ സുഹറ (സ്വന്തം)
6. പുതിയവീട്ടിൽ ഹൈദ്രോസ് ഭാര്യ സുഹറ etc (സ്വന്തം)

എന്നിവരുടെ പേരിലും കില ഡയറക്ടർ മുമ്പാകെ ബോധിപ്പിക്കുന്നത്.

സർ,

ഞങ്ങളുടെ കൂട്ടായ സ്വത്ത് കിലയുടെ വികസനത്തിനായി അക്വയർ ചെയ്യുന്നതിന്റെ ഭാഗമായി Data Collection, SIA Studyക്ക് വന്നവരിൽ നിന്ന് അറിയുവാൻ കഴിഞ്ഞത് കിലയുടെ റിക്കാർഡു പ്രകാരം ഞങ്ങളിൽ 5 ആൾക്കാരുടെ പേരുകളും 5 ആൾക്കാരുടെ വസ്തുവും 9 ഏക്കർ 5 സെന്റ് മാത്രം ഉൾപ്പെടുത്തിയിട്ടുള്ളു എന്നാണ്. എന്നാൽ ഞങ്ങളുടെ മൊത്തം ഭൂമി കൈവശം ഉള്ളത് കൈവശ രേഖകൾ പ്രകാരം ആറ് ടാക്സ് രസീതികൾ പ്രകാരം ആറു ഉടമസ്ഥരും 10 ഏക്കർ 53 സെന്റാണ്. ആയത് വേണ്ടുവിധം തിരുത്തൽ ചെയ്ത് 6 ആൾക്കാരുടേയും പേരുകളും വസ്തുക്കളും ചേർക്കാൻ അപേക്ഷിക്കുന്നു. ആറ് പേരുടെ ഒറിജിനൽ വില്ലേജ് ടാക്സ് രസീതികളും, ഞങ്ങളുടെ കൂട്ടായ സ്വത്തിന്റെ സ്കെച്ചും ഇതിനാൽ സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

എന്ന്,

Enclosure: 1). Sketch of the land
2) 6 nos. L.T.Rs. Original

വിശ്വസ്തതയോടെ

P. K. Suhara.

സുഹറ ഹൈദ്രോസ്

25/7/19